2024-ITERO-S—ദൂത് ഒന്ന്—ദൈവം നൽകിയ ആത്മാവിനെ വീശി ജ്വലിപ്പിച്ചുകൊണ്ട്, നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്യുന്ന ഒരു ശീലം കെട്ടിപ്പടുക്കുന്നതിലൂടെ ദൈവത്തിന്റെ നിത്യവ്യവസ്ഥയുടെ യാഥാർഥ്യത്തിൽ അതിന്റെ നിറവേറലിനുവേണ്ടി ജീവിക്കുന്നത്

## ദൈവത്തിന്റെ നിത്യ വ്യവസ്ഥയുടെ ദർശനം

**I. തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിലേക്ക് തന്നെത്തന്നെ പകരുവാനുള്ള ദൈവത്തിന്റെ കുടുംബ ഭരണ നിർവഹണമായ ദൈവത്തിന്റെ നിത്യവ്യവസ്ഥ അവന്റെ നിത്യ പദ്ധതിയും, അവന്റെ ദിവ്യ പകർച്ച അവൻ തന്റെ പദ്ധതി നിവർത്തിക്കുന്ന മാർഗവുമാണ്**

- ക്രിസ്തുവാണ് ദൈവത്തിന്റെ വ്യവസ്ഥയുടെ കേന്ദ്രവും, ചുറ്റളവും, മൂലകവും, ഗോളവും, മാർഗവും, ലക്ഷ്യവുലാക്കും, അതിന്റെ സകല ഉള്ളടക്കങ്ങളും
- വേദപുസ്തകത്തിന്റെ കേന്ദ്ര വിഷയം ദൈവത്തിന്റെ വ്യവസ്ഥയാണ്
- നമ്മുടെ ആളത്തം അവന്റെ ആളത്തത്താൽ സംരചിക്കപ്പെടത്തക്കവണ്ണം അവനെത്തന്നെ നമ്മുടെ ആളത്തത്തിലേക്ക് പകരുക എന്നതാണ് ദൈവത്തിന്റെ വ്യവസ്ഥ
- ദൈവത്തിന്റെ വ്യവസ്ഥയല്ലാത്ത വ്യത്യസ്ത പഠിപ്പിക്കലുകൾ നമ്മുടെ ജീവനും നമ്മുടെ സകലവുമായ കർത്താവായ യേശുക്രിസ്തു എന്ന അമൂല്യനായ വ്യക്തിയുടെ യഥാർഥമായ വിലമതിപ്പിൽനിന്നും സ്നേഹത്തിൽനിന്നും ആസ്വാദനത്തിൽനിന്നും നമ്മെ വേർപ്പെടുത്തുന്നു
- തന്റെ വ്യവസ്ഥയിലെ ദൈവത്തിന്റെ ഉദ്ദേശ്യം, തന്റെ ദിവ്യ ത്രിത്വത്തിൽ—പിതാവും, പുത്രനും, ആത്മാവും—തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിലേക്ക് അവനെത്തന്നെ പകരുക എന്നതാണ്; കാലത്തിൽ ദൈവത്തിന്റെ ഏക ലക്ഷ്യം ദിനംപ്രതി അവനെത്തന്നെ നമ്മിലേക്ക് പകരുക എന്നതാണ്

## മനുഷ്യാത്മാവിന്റെ പ്രാധാന്യം

**II. ദൈവത്തിന്റെ യഥാർഥ ഉദ്ദേശ്യത്തിന്റെ "ബ്ലൂപ്രിന്റിൽ", മനുഷ്യൻ മുഴുവൻ പ്രപഞ്ചത്തിന്റെ കേന്ദ്രവും, മനുഷ്യന്റെ കേന്ദ്രം അവന്റെ ആത്മാവും ആണ്**

- ദൈവോദ്ദേശ്യം നിറവേറ്റുവാനും, ദൈവവുമായി ഒന്നായിരിക്കുവാനുമായി ഒരു ആത്മാവോടുകൂടെ ദൈവം മനുഷ്യനെ സൃഷ്ടിച്ചു
- ദൈവം ആത്മാവല്ലാതിരിക്കുകയും, ദൈവത്തെ ബന്ധപ്പെടുവാൻ നമുക്ക് ഒരു ആത്മാവില്ലാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, മുഴുവൻ പ്രപഞ്ചവും ശൂന്യവും, നാം ഒന്നുമല്ലാത്തതുമാണ്
- വീഴ്ച നിമിത്തം, മനുഷ്യർ മനുഷ്യാത്മാവിനെ ശ്രദ്ധിക്കാതിരിക്കുകയും അവഗണിക്കുകയും ചെയ്യുന്നു
- ദൈവത്തിന്റെ ശ്വാസം നമ്മുടെ മനുഷ്യാത്മാവായിത്തീർന്നിരിക്കുന്നു, ദൈവത്തെ എണ്ണയായി ഉൾക്കൊള്ളുവാനും നമുക്ക് വെളിച്ചം നൽകുവാനുമുള്ള ദൈവത്തിന്റെ വിളക്കാണ് നമ്മുടെ ആത്മാവ്
  - തന്റെ ആത്മാവിനാൽ ഭരിക്കപ്പെടുകയും നിയന്ത്രിക്കപ്പെടുകയും ചെയ്യുന്ന ഒരു മനുഷ്യനാണ് ഒരു ആത്മിക മനുഷ്യൻ
- ദൈവത്തിന്റെ വ്യവസ്ഥ നിറവേറ്റുന്നതിനുള്ള ശ്രേഷ്ഠമായ മാർഗം നമ്മുടെ ആത്മാവിനെ വ്യായാമംചെയ്തുകൊണ്ട് ആത്മാവിനനുസരിച്ച് ജീവിക്കുന്നതും സകലവും ചെയ്യുന്നതുമാണ്
  - നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്യുമ്പോഴെല്ലാം നാം ക്രിസ്തുവിന്റെ ശരീരത്തെ സ്പർശിക്കുന്നു, കാരണം ക്രിസ്തുവിന്റെ ശരീരം നമ്മുടെ ആത്മാവിലാണ്

## ദൈവ വ്യവസ്ഥയുടെ നിറവേറലിനായ് നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്യുന്നത്

**III. ദിവ്യ ത്രിത്വത്തിന്റെ ദിവ്യ പകർച്ചയുടെ ചാൽ ആകുന്നതിനുള്ള താക്കോൽ നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്യുന്നതാണ്, അത് ദൈവം-നൽകിയ നമ്മുടെ ആത്മാവിനെ വീശി ജ്വലിപ്പിക്കുന്നതാണ്**

- ദൈവികതയുടെ ഒരു ജീവിതം നമ്മുടെ ദൈനംദിന ജീവിതത്തിലുള്ള നമ്മുടെ ആത്മാവിന്റെ വ്യായാമത്തെ ആശ്രയിച്ചിരിക്കുന്നു
- നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്യുന്ന ശക്തമായ ശീലം വളർത്തിയെടുക്കുന്നതുവരെ നമ്മുടെ ആത്മാവിനെ ഉപയോഗിക്കുവാൻ നാം നമ്മെത്തന്നെ നിർബന്ധിക്കണം
- നമ്മുടെ ആത്മാവിനെ വ്യായാമംചെയ്യുന്നത് നമ്മുടെ ആത്മാവിനെ വീശി ജ്വലിപ്പിക്കുന്നതാണ്. അതിനായ്:
  - നമ്മുടെ മനസ്സ്, വികാരം, ഇച്ഛ എന്നിവയോട് നാം ഇടപെടണം
  - എല്ലായ്പോഴും സന്തോഷിക്കുകയും, ഇടവിടാതെ പ്രാർഥിക്കുകയും, എല്ലാറ്റിലും സ്തോത്രം ചെയ്യുകയും വേണം
  - നമ്മുടെ മനസ്സിനെ ആത്മാവിൽ ഉറപ്പിക്കണം
  - നമ്മുടെ ദേഹിയിൽനിന്നും നമ്മുടെ ആത്മാവിനെ വിവേചിക്കണം
  - സാധാരണ സഭാജീവിതം നയിക്കുകയും ശുദ്ധഹൃദയത്തിൽനിന്ന് കർത്താവിനെ വിളിച്ചപേക്ഷിക്കുന്നവരോടൊപ്പം ക്രിസ്തുവിനെ പിന്തുടരണം
  - ദൈവത്തിന്റെ താല്പര്യങ്ങൾക്ക് — ക്രിസ്തു, ദൈവരാജ്യം, ദൈവഭവനം — പ്രാർഥിക്കണം.